# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5066 — 23.03.2018 ലെ മറുപടി

### നെയ്യാറ്റിൻകര മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ വകുപ്പ് പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ആൻസലൻ: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2017 - 18 സാമ്പത്തിക വർഷത്തിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എത്ര വർക്കുകൾ ആണ് ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ; അതിൽ കുളങ്ങൾ ഏതെല്ലാം ആണ്; അതിന് അനുവദിച്ച തുക എത്രയാണ്; | (എ) 2017-2018 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ ചെയ്തുവരുന്ന പ്രവർത്തികൾ - 3 അതിൽ 2 കുളങ്ങൾക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br>1. അതിയന്നൂർ പഞ്ചായത്തിലെ ബുധന്നൂർകുളത്തിന്റെ പുനരുദ്ധാരണം – 3 ലക്ഷം<br>2. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ കൊച്ചുകുളങ്ങര കുളത്തിന്റെ പുനരുദ്ധാരണം – 1.60 ലക്ഷം |
| (ബി) 2017 - 18 വർഷത്തിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ തോടുകളിൽ മൈനർ ഇറിഗേഷൻ വർക്കുകൾ ചെയ്യുന്നുണ്ടോ; എങ്കിൽ സ്ഥലവും പേരും അതിന്റെ അടങ്കൽ തുകയും വ്യക്തമാക്കാമോ; | (ബി) ഉണ്ട്, 2017-18 ൽ തോടുകളിൽ ചെയ്ത പ്രവർത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>പ്രവൃത്തിയുടെ പേര്: വെള്ളപ്പൊക്ക കെടുതി- നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട് പഞ്ചായത്തിലെ ചെറുമൻകര വലിയതോടിന്റെ സംരക്ഷണ പ്രവർത്തികൾ<br>എസ്റ്റിമേറ്റ് തുക : 12,86,701/- രൂപ<br>സ്വീകരിച്ച തുക : 10,73,213/- രൂപ |

(സി) 2017-18 വർഷത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ഏതെങ്കിലും കുളങ്ങൾ, തോട് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കാനുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽ നിന്നും തോടുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രവർത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

1. വെള്ളപ്പൊക്ക കെടുതി - കാരോട് പഞ്ചായത്തിലെ വടക്കേപ്പുളിമൂട് വാർഡിലെ ഞാർക്കാല – ഊരേക്കാൽ വിളാകം ചെറിയതോടിന്റെ സംരക്ഷണ പ്രവർത്തികളും ടാക്റർ ബ്രിഡ്ജ് നിർമ്മാണവും - 11.50 ലക്ഷം
2. വെള്ളപ്പൊക്ക കെടുതി - നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ കട്ടപ്പന വാർഡിലെ മരുതൂർ തോടിന്റെ കട്ടപ്പന ക്ഷേത്രത്തിനടുത്തുള്ള ഭാഗത്തെ സംരക്ഷണ പ്രവർത്തികളും പുനരുദ്ധാരണവും. - 12.00 ലക്ഷം

(ഡി) 2017 - 18 വർഷത്തിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ തോടുകളുടെ എത്ര വർക്കുകളുടെ എസ്റ്റിമേറ്റ് ആണ് എടുത്തത് എന്ന് വ്യക്തമാക്കുമോ; അതിന്റെ പേരും സ്ഥലവും തുകയും വ്യക്തമാക്കാമോ?

(ഡി) 2017 - 18 വർഷത്തിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 5 തോടുകളുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. പ്രവർത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നമ്പർ | പ്രവർത്തികളുടെ പേര് | തുക |
|---|---|---|
| 1. | വെള്ളപ്പൊക്ക കെടുതി - കാരോട് പഞ്ചായത്തിലെ വടക്കേ പുളിമൂട് വാർഡിലെ ഞാർക്കാല ഉരേക്കാൽ വിളാകം ചെറിയ തോടിന്റെ സംരക്ഷണ പ്രവൃത്തികളും ടാക്ടർ ബ്രിഡ്ജ് നിർമ്മാണവും | 11.50 ലക്ഷം |
| 2. | വെള്ളപ്പൊക്ക കെടുതി - നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ കുട്ടപ്പന വാർഡിലെ മരുത്തൂർ തോടിന്റെ കുട്ടപ്പന ക്ഷേത്രത്തിനടുത്തുള്ള ഭാഗത്തെ സംരക്ഷണ പ്രവൃത്തികളും പുനരുദ്ധാരണവും | 12.00 ലക്ഷം |
| 3. | വണ്ടിച്ചിറ തോടിലെ തോട്ടിൻകര പാലം | 35.00 ലക്ഷം |
| 4. | വെള്ളപ്പൊക്ക കെടുതി - നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ ടൗൺ വാർഡിലെ തോട്ടു വരമ്പു ഭാഗത്തെ മരുത്തൂർ തോടിന്റെ സംരക്ഷണ പ്രവൃത്തികളും പുനരുദ്ധാരണവും | 8.60 ലക്ഷം |
| 5. | വെള്ളപ്പൊക്ക കെടുതി - നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ തോട്ടുവരമ്പു ഭാഗത്തെ നിലമേൽ തോടിന്റെ (മരുത്തൂർ തോട്) സംരക്ഷണ പ്രവൃത്തികൾ | 15.00 ലക്ഷം |

സെക്ഷൻ ഓഫീസർ